പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2568 — 12.6.2018 -ൽ മറുപടിയ്ക്ക്

## കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ലാഭത്തിലാണോ; വിശദമാക്കുമോ; | എ) | 2017-18 വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം വിറ്റുവരവ്, പ്രവർത്തന ലാഭം, അറ്റാദായം എന്നിവ യഥാക്രമം124.85 കോടി, 3.52 കോടി, (-) 3.52 കോടി ആണ്. ഈ വർഷം വിറ്റുവരവിലും, പ്രവർത്തന ലാഭത്തിലും, അറ്റാദായത്തിലും കുറവുണ്ടായതിന് കാരണം സുപ്രീം കോടതി ഉത്തരവിൻ പ്രകാരം കെ.ടി.ഡി.സിയിൽ കാലാകാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന 40 ബിയർ പാർലറുകളിൽ 29 എണ്ണം അടച്ചിടേണ്ടി വന്നതാണ്. കൂടാതെ കെ.ടി.ഡി.സി.യുടെ പ്രീമിയം ഹോട്ടലായ വാട്ടർ സ്കേപ്സ്, കുമരകം പൂർണ്ണമായും നവീകരണത്തിനുവേണ്ടി പൂട്ടിയിരിക്കുകയുമായിരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവ ഭാഗികമായി അടച്ച് നവീകരണം നടത്തിയതും വരുമാനം കുറയ്ക്കാനിടയായിട്ടുണ്ട്. |
| ബി) | വിനോദസഞ്ചാരികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള വളർച്ച ഈ സ്ഥാപനം കൈവരിക്കാത്തത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ; | ബി) | നവീകരണത്തിനായി വാട്ടർസ്കേപ്സ് പൂർണ്ണമായും, മാസ്കറ്റ് ഹോട്ടലും, ഹോട്ടൽ ചൈത്രവും ഭാഗികമായി പൂട്ടിയിരുന്നതിനാൽ ഈ സ്ഥലങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ നേരിയ കുറവു വന്നിട്ടുണ്ട്. വിദേശ സഞ്ചാരികളുടെ വരവു കൊണ്ടുള്ള പ്രയോജനം കെ.ടി.ഡി.സി.യിൽ ഹോട്ടൽ സമുദ്ര, കോവളം, കുമരകം വാട്ടർ സ്കേപ്സ് എന്നിവിടങ്ങളിൽ മാത്രമായി ഉള്ളതാകുന്നു. |
| സി) | ഈ സ്ഥാപനം ലാഭത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | സി) | കെ.ടി.ഡി.സി.യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടേയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന മാസ്കറ്റ് ഹോട്ടലിന്റെ 36 റൂമുകൾ പൂർത്തീകരിച്ച് ഗസ്റ്റിന് തുറന്നുകൊടുത്തു. പൊന്മുടിയിൽ 15 പുതിയ കോട്ടേജുകളുടെ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവ്വീസാരംഭിച്ചു. കെ.ടി.ഡി.സിയുടെ നിലവിലുള്ള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ ആരംഭിച്ചു കുമരകത്തെ വാട്ടർ സ്കേപ്പിന്റെ പൂർണ്ണമായ നവീകരണം ആരംഭിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**